# ഇടയ ലേഖനം

## കോഴിക്കോട് രൂപത

### വിശുദ്ധ യൗസേപ്പിതാവിന്റെ വർഷം

ഫെബ്രുവരി 2021 No. 01

വന്ദ്യ വൈദികരെ, സന്ന്യസ്ത സഹോദരരെ, സഹോദരീ സഹോദരന്മാരെ,

ഒരു പിതാവിന്റെ ഹൃദയത്തോടെ യൗസേപ്പിതാവ് ഈശോയെ സ്നേഹിച്ചു എന്ന മനോഹരമായ വാക്യത്തോടെയാണ് പരിശുദ്ധ ഫ്രാൻസിസ് പാപ്പയുടെ 'പാത്രിസ് കോർദെ' എന്ന ഏറ്റവും പുതിയ അപ്പസ്തോലിക ലേഖനം ആരംഭിക്കുന്നത്. 'പിതൃഹൃദയത്തോടെ' എന്ന അപ്പസ്തോലിക ലേഖനത്തിലൂടെ 2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെ വിശുദ്ധ യൗസേപ്പിതാവിന് പ്രതിഷ്ഠിക്കപ്പെട്ട വർഷമായി പരിശുദ്ധ പിതാവ് പ്രഖ്യാപിച്ചിരിക്കുകയാണ്. ഒമ്പതാം പീയൂസ് പാപ്പ 150 വർഷങ്ങൾക്കു മുമ്പ് 1870-ൽ സാർവ്വത്രികസഭയെ യൗസേപ്പിതാവിന്റെ സംരക്ഷണയിൽ ഭരമേൽപിക്കുമ്പോൾ വളരെ കലുഷിതവും ഗൗരവവുമായ ഒരു കാലഘട്ടത്തിലൂടെയായിരുന്നു ലോകം യാത്ര ചെയ്തിരുന്നത്. ക്യാപിറ്റലിസത്തിന്റെയും വ്യവസായവത്കരണത്തിന്റെയും ഫലമായി രൂപം കൊണ്ട വ്യത്യസ്ത മേഖലകളിലുണ്ടായ തകർച്ച സമൂഹത്തെയും കുടുംബങ്ങളെയും വിശ്വാസജീവിതത്തെയും ബാധിച്ച ഒരു കാലഘട്ടമായിരുന്നു അത്. നൂറ്റിയമ്പത് വർഷങ്ങൾക്കുശേഷം ഫ്രാൻസിസ് പാപ്പ യൗസേപ്പിതാവിന്റെ വർഷം പ്രഖ്യാപിക്കുമ്പോൾ ഈ കാലഘട്ടവും കലുഷിതമായ ഒരുപാട് സാഹചര്യങ്ങളിലൂടെയാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്.

ഇന്ന് നാം നിരവധി പ്രതിസന്ധികളിലൂടെ കടന്നുപോകുമ്പോൾ, കോവിഡ്-19 മഹാമാരി വിതച്ച വിനകൾക്കും സാമ്പത്തിക മേഖലയിലെ ആശങ്കകൾക്കും നടുവിൽ യൗസേപ്പിതാവിന്റെ പ്രത്യേക മാദ്ധ്യസ്ഥ സഹായവും സംരക്ഷണവും നമുക്ക് ശക്തിയും പ്രത്യാശയും നൽകുന്നു. ഈയൊരു വർഷം ആചരിക്കുന്നതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ പ്രസ്തുത അപ്പസ്തോലിക ലേഖനത്തിൽ ഫ്രാൻസിസ് പാപ്പ വിവരിക്കുന്നുണ്ട്. വിശുദ്ധ യൗസേപ്പിതാവിനോടുള്ള നമ്മുടെ സ്നേഹം വർദ്ധിപ്പിക്കുവാനും, ആ വത്സലപിതാവിന്റെ മാധ്യസ്ഥം തേടുവാനും, സ്നേഹനിധിയായ ആ പിതാവിന്റെ സദ്ഗുണങ്ങളും തീക്ഷ്ണതയും അനുകരിക്കുവാനുമാണ് നാം ഈയൊരു വർഷത്തിൽ വിളിക്കപ്പെടുന്നത്.

വി. യൗസേപ്പിതാവിന്റെ ത്യാഗോജ്ജ്വല ജീവിതത്തെ ധ്യാനിച്ചുകൊണ്ട് അദ്ദേഹത്തിന്റെ 7 സ്വഭാവസവിശേഷതകളെ ഫ്രാൻസിസ് പാപ്പ എടുത്തു പറയുന്നുണ്ട്.

**1. വത്സലപിതാവ് :** രക്ഷാകരപദ്ധതിയുടെ ശുശ്രൂഷകനായി ലോകര

ക്ഷയ്ക്കായുള്ള ദൈവത്തിന്റെ മനുഷ്യാവതാര പ്രക്രിയയിൽ സജീവമായി സഹകരിച്ച് തന്റെ ജീവിതത്തെ ത്യാഗപരമായ സേവനമാക്കി മാറ്റിയതിലൂടെയാണ് തന്റെ പിതൃത്വം കാഴ്ച വച്ചത്. ആ ഹൃദയത്തിന്റെ വത്സലസ്നേഹം അനുഭവിച്ചുകൊണ്ടാണ് ഉണ്ണീശോ വളർന്നുവന്നത്. ആയതിനാൽ നാമേവരും വളരേണ്ടത് വാത്സല്യമുള്ള ആ പിതാവിന്റെ സ്നേഹത്തിലൂടെയാണ്.

**2. ആർദ്രതയും സ്നേഹവുമുള്ള പിതാവ്:** യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവെന്നത് യൗസേപ്പിതാവ് അലിവുള്ള പിതാവായിരുന്നു എന്നതിന്റെ തെളിവാണ്. ദൈവപിതാവിന്റെ ആർദ്രമായ സ്നേഹമാണ് വളർത്തുപിതാവിലൂടെ ഉണ്ണീശോ അനുഭവിച്ചത്. സ്നേഹത്തിന്റെ നിറകുടമായി ജീവിച്ച ജോസഫ് ആർദ്രമായ ജീവിതത്തിലേക്കുള്ള ഒരു ചൂണ്ടുപലകയാണ്.

**3. അനുസരണയുള്ള പിതാവ്:** ഗർഭിണിയായ മറിയത്തെ ഭാര്യയായി സ്വീകരിച്ചതും എല്ലാ പ്രതിസന്ധികളെയും ദുർഘടസാഹചര്യങ്ങളെയും തരണം ചെയ്ത് യേശുവിനെ സംരക്ഷിച്ച് വളർത്തിയതുമെല്ലാം ദൈവഹിതത്തിന് അദ്ദേഹം പൂർണ്ണമായി വിധേയപ്പെട്ടായിരുന്നു. അനുസരണയുള്ള ഒരു പിതാവിന്റെ മകനെന്ന നിലയിൽ ഈശോയും അനുസരണയുള്ളവനായി വളർന്നുവന്നു. ദൈവഹിതം നിറവേറ്റലായിരുന്നു അനുദിന ഭക്ഷണം. ഈശോ പഠിച്ചുവളർന്നത് നസ്രത്തിലെ ജോസഫിന്റെ സ്ക്കൂളിൽ നിന്നാണെന്ന് പാപ്പ വ്യക്തമാക്കുന്നു.

**4. എല്ലാം സ്വീകരിക്കുന്ന പിതാവ്:** യാതൊരു വിശദീകരണവും ചോദ്യങ്ങളുമില്ലാതെ വേദനകളും സന്തോഷങ്ങളും ഒരുപോലെ പൂർണ മനസ്സോടെ സ്വീകരിച്ചയാളാണ് യൗസേപ്പിതാവ്. മാലാഖയുടെ വാക്കുകൾ ജോസഫ് വിശ്വസിക്കുകയും മറിയത്തെ നിരുപാധികമായി സ്വീകരിക്കുകയും ചെയ്തു. പ്രകൃതി ദുരന്തങ്ങളും, മഹാമാരികളും സാമ്പത്തിക ഞെരുക്കങ്ങളും മനുഷ്യനെ വേട്ടയാടുമ്പോൾ അവയെ അതിജീവനത്തിന്റെ മാർഗ്ഗങ്ങളും ജീവിത നന്മകളുമാക്കിതീർക്കാൻ ദൈവം സഹായിക്കുമെന്ന ബോധ്യമാണ് യൗസേപ്പിതാവ് തന്റെ ജീവിതത്തിലൂടെ നമ്മെ പഠിപ്പിക്കുന്നത്.

**5. ക്രിയാത്മകമായി പ്രവർത്തിക്കാൻ ധൈര്യപ്പെടുന്ന പിതാവ്:** ദൈവിക കരുതലിൽ ആശ്രയിക്കുന്നതിലൂടെ ഒരു പ്രശ്നത്തെ സാധ്യതയാക്കി മാറ്റാൻ നസ്രത്തിലെ തച്ചന് സാധിച്ചു. പൂർണ ഗർഭിണിയായ മറിയത്തിന് പ്രസവിക്കാൻ സ്ഥലം കിട്ടാത്ത അവസരത്തിലും അമ്മയേയും കുഞ്ഞിനെയും കൊണ്ട് ഈജിപ്തിലേക്ക് പലായനം ചെയ്യേണ്ടി വന്നപ്പോഴും, വിദേശരാജ്യത്ത് വസിക്കാൻ ആവശ്യമായ ഭവനവും ജോലിയും കണ്ടെത്തേണ്ട സമയത്തും ക്രിയാത്മകമായ ധൈര്യത്തോടുകൂടിയാണ് ജോസഫ് പ്രവർത്തിച്ചത്.

**6. അധ്വാനശീലമുള്ള കർമവ്യാപൃതനായ പിതാവ്:** തച്ചന്റെ മകനായാണ് സ്വദേശത്ത് യേശു അറിയപ്പെട്ടത്. അധ്വാനിച്ചു ഭക്ഷിക്കുന്നതിന്റെ മൂല്യവും അന്തസ്സും ആനന്ദവും എന്താണെന്ന് യൗസേപ്പിതാവിന്റെ ജീവിതം പഠിപ്പിക്കുന്നു. ജോലി ചെയ്യുന്നവർ രക്ഷാകര പ്രവൃത്തിയിൽ ദൈവവുമായി സഹകരിക്കുന്നുവെന്നും, ഏതു തൊഴിലാണ് ചെയ്യുന്നതെങ്കിലും അതുവഴി നമ്മൾ ദൈവത്തോട് സഹകരിക്കുകയും ദൈവത്തിന്റെ

സൃഷ്ടികർമ്മത്തിൽ പങ്കുചേരുകയും ചെയ്യുന്നു എന്ന് ഫ്രാൻസിസ് പാപ്പ ഓർമ്മിപ്പിക്കുന്നു.

**7. സ്വർഗ്ഗീയ പിതാവിന്റെ നിഴൽ:** പിതാവായ ദൈവത്തിന്റെ ഭൂമിയിലെ നിഴലാണ് യൗസേപ്പിതാവെന്ന് പാപ്പ ഉദ്ബോധിപ്പിക്കുന്നു. ഒരു കുഞ്ഞിന് ജന്മം കൊടുത്തതുകൊണ്ടു മാത്രമല്ല ആ കുഞ്ഞിന്റെ വളർച്ചയിലും രൂപീകരണത്തിലും പൂർണമായ ഉത്തരവാദിത്തങ്ങളും കടമകളും ഏറ്റെടുത്ത് നിർഹിക്കുമ്പോഴാണ് യഥാർത്ഥത്തിൽ ഒരാൾ പിതാവാകുന്നത്. ഈ ഭൂമിയിലെ പിതൃത്വം സ്വർഗ്ഗത്തിലെ പിതൃത്വത്തെ ചൂണ്ടിക്കാണിക്കുന്ന അടയാളമായിരിക്കട്ടെയെന്ന് പാത്രിസ് കോർദെ ഓർമ്മപ്പെടുത്തുന്നു. നാമേവരും യൗസേപ്പിതാവിനെ പോലെ സ്വർഗ്ഗീയ പിതാവിന്റെ നിഴലുകളാവാൻ വിളിക്കപ്പെടുന്നു. ശിഷ്ടരുടെയും ദുഷ്ടരുടെയും മേൽ സൂര്യൻ ഉദിപ്പിക്കുകയും നീതിമാന്മാരുടെയും നീതിരഹിതരുടെയും മേൽ മഴ പെയ്യിക്കുകയും ചെയ്യുന്ന സ്വർഗ്ഗീയ പിതാവിന്റെ നിഴൽ–അതോടൊപ്പം അവിടുത്തെ പുത്രനെ അനുഗമിക്കുന്ന നിഴലും.

ഈയൊരുവർഷം മുഴുവൻ നമ്മുടെ രൂപതയെയും, ഇടവകയെയും, കുടുംബത്തെയും, വൈദികരെയും, സമർപ്പിതരെയും യൗസേപ്പിതാവിന്റെ സംരക്ഷണത്തിനായി നമുക്കു ഭരമേൽപിക്കാം. യൗസേപ്പിതാവിനോടുള്ള ഭക്തിയിലും വണക്കത്തിലും കൂടുതൽ ശ്രദ്ധയോടെ ജീവിച്ചുകൊണ്ട് നമ്മുടെ വ്യക്തിജീവിതത്തെയും കുടുംബങ്ങളെയും നവീകരിക്കാൻ ഈ വർഷാചരണം സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഔദ്യോഗികമായി ഈ വർഷാചരണത്തിന്റെ രൂപതാതല ഉദ്ഘാടനം ജനുവരി 28–ന് കത്തീഡ്രലിൽ നടത്തപ്പെടുകയുണ്ടായി. അതുപോലെ ഓരോ ഇടവകയിലും പ്രത്യേക പ്രാർത്ഥനകളും പരിപാടികളും സംഘടിപ്പിച്ചുകൊണ്ട് യൗസേപ്പിതാവിനോടുള്ള നമ്മുടെ സ്നേഹം വർദ്ധിപ്പിക്കണമെന്ന് പ്രത്യേകം അറിയിക്കുന്നു.

കോഴിക്കോട് രൂപതയിൽ വിശുദ്ധ യൗസേപ്പിതാവിന്റെ വർഷാചരണത്തോടനുബന്ധിച്ചു ഫൊറോനാ വികാരിമാരോടും വൈദീകരോടും ആലോചിച്ചതിന്റെ ഫലമായി 5 ദേവാലയങ്ങളെ വിശുദ്ധ യൗസേപ്പിതാവിന്റെ തീർത്ഥാടന കേന്ദ്രങ്ങളായി പ്രഖ്യാപിച്ച വിവരം സന്തോഷത്തോടെ അറിയിക്കുന്നു. കോഴിക്കോട് സിറ്റി സെന്റ് ജോസഫ് ചർച്ച്, മലപ്പുറം സെന്റ് ജോസഫ് ചർച്ച്, മേപ്പാടി സെന്റ് ജോസഫ് ഷ്രൈൻ, പള്ളിക്കുന്ന് ലൂർദ് മാതാ ഷ്രൈൻ, വൈത്തിരി സെന്റ് ജോസഫ് ചർച്ച് എന്നിവയാണ് ഈ തീർത്ഥാടന കേന്ദ്രങ്ങൾ. ഈ തീർത്ഥാടന കേന്ദ്രങ്ങൾ സന്ദർശിച്ച് വിശുദ്ധ യൗസേപ്പിതാവിനോടുള്ള സ്നേഹം പ്രകടിപ്പിക്കുകയും, വിശുദ്ധന്റെ ശക്തിയേറിയ മാധ്യസ്ഥം തേടുകയും, അത്‌വഴി ദണ്ഡവിമോചനം സ്വീകരിക്കാനും പ്രത്യേകം ശ്രമിക്കുക.

ഈയൊരുവർഷം ഫലപ്രദമായി ആചരിക്കാൻ ഏതാനും പ്രായോഗിക നിർദ്ദേശങ്ങൾ നൽകുകയാണ്. ഓരോ ഇടവകയിലും സമർപ്പിത സമൂഹത്തിലും കുടുംബത്തിലും യുക്തവും ഉചിതവുമാണെന്നു തോന്നുന്നത് നടപ്പിലാക്കുവാനും മറ്റ് ആശയങ്ങൾ കൂട്ടിച്ചേർക്കാവുന്നതുമാണ്.

1. വിശുദ്ധ യൗസേപ്പിതാവിന്റെ തിരുന്നാളുകൾ മാർച്ച് 19, മെയ് 1, എന്നീ ദിനങ്ങൾ ഏറ്റവും അർത്ഥവത്തായ രീതിയിൽ കൊണ്ടാടുന്നതിന് ഇടവകകൾ പരിശ്രമിക്കുന്നത് ഉചിതമായിരിക്കും.

2. വിശുദ്ധ യൗസേപ്പിതാവിനോടുള്ള നൊവേന ഇടവകകളിലും കുടുംബങ്ങളിലും ചൊല്ലിക്കൊണ്ട് യൗസേപ്പിതാവിന്റെ ജീവിതത്തെ ധ്യാനിക്കുകയും മാധ്യസ്ഥം തേടുകയും ചെയ്യുന്നത് ദൈവാനുഗ്രഹങ്ങൾ പ്രാപിക്കുന്നതിന് സഹായകരമാകും.

3. മാർച്ച് മാസം വിശുദ്ധ യൗസേപ്പിതാവിന് പ്രത്യേകമായി സമർപ്പിക്കപ്പെട്ട മാസമായതിനാൽ ദേവാലയങ്ങളിലും കുടുംബങ്ങളിലും യൗസേപ്പിതാവിന്റെ വണക്കമാസം ചൊല്ലുകയും വചനം വായിച്ചു പ്രാർത്ഥിക്കുകയും ചെയ്യുക. വണക്കമാസ പുസ്തകം എല്ലാ കുടുംബങ്ങളിലും ഉണ്ടെന്നു ഉറപ്പുവരുത്തുക.

4. വിശുദ്ധ യൗസേപ്പിതാവിനെ കുറിച്ചുള്ള പഠനങ്ങളും പ്രസംഗങ്ങളും ധാരാളമായി കേൾക്കുകയും, ആ വിശുദ്ധനെ അനുകരിക്കുവാൻ തക്ക വിധമുള്ള പ്രവർത്തന മേഖലകൾ ഇടവകതലത്തിലും കുടുംബത്തിലും കണ്ടുപിടിക്കുന്നത് ആത്മീയ ഉണർവിന് കാരണമാകും.

5. അനുദിന ദിവ്യബലിക്ക് ശേഷം ദേവാലയങ്ങളിലും, കുടുംബങ്ങളിൽ സന്ധ്യാപ്രാർത്ഥനക്ക് ശേഷവും യൗസേപ്പിതാവിനോടുള്ള ജപം ചൊല്ലുക.

6. യൗസേപ്പിതാവിന്റെ തിരുസ്വരൂപം ഇടവകയിൽ കൂടുതൽ വണങ്ങുന്നതിനു സഹായകരമാകുന്ന രീതിയിൽ അലങ്കരിക്കുകയും പ്രതിഷ്ഠിക്കുകയും ചെയ്യുന്നത് ഈ വർഷാചരണത്തിന് മാറ്റ്കൂട്ടും

7. വാർഷിക ധ്യാനങ്ങളും, പ്രാർത്ഥനാ ദിനങ്ങളും സംഘടിപ്പിച്ചു വിശുദ്ധനെ കൂടുതൽ അറിയുകയും കുടുംബ നവീകരണത്തിലൂടെ യൗസേപ്പിതാവിനോടുള്ള സ്നേഹം പ്രകടിപ്പിക്കുകയും ചെയുന്നത് വളരെ ഉചിതമായിരിക്കും.

8. രൂപത അജപാലന സമിതിയുടെ നേതൃത്വത്തിൽ മാർച്ച് മാസം മുതൽ എല്ലാ ഇടവകകളിലേക്കും വിശുദ്ധ യൗസേപ്പിതാവിന്റെ തിരുസ്വരൂപം വഹിച്ചുകൊണ്ടുള്ള പ്രാർത്ഥന പ്രയാണം ഉണ്ടായിരിക്കുന്നതാണ്. എല്ലാ ഇടവകകളും സജീവമായി സംബന്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

സഭയ്ക്കും സമൂഹത്തിനും പിതാക്കൻമാരെ ആവശ്യമുണ്ട്. പൗലോസ് അപ്പോസ്തലൻ കൊറിന്തോസ് സഭയെ ഓർമ്മിപ്പിച്ചതുപോലെ 'നിങ്ങൾക്ക് ക്രിസ്തുവിൽ പതിനായിരം ഉപദേഷ്ടാക്കൾ ഉണ്ടായേക്കാം. എന്നാൽ പിതാക്കൻമാർ അധികമില്ല. സുവിശേഷപ്രസംഗം വഴി യേശുക്രിസ്തുവിൽ നിങ്ങൾക്ക് ജന്മം നൽകിയത് ഞാനാണ്' (1 കൊറി 4:15). യൗസേപ്പിതാവിന്റെ വർഷാചരണം നമ്മളെല്ലാവരെയും സ്വർഗ്ഗീയപിതാവിന്റെ നിഴലുകളായി ഈ ഭൂമിയിൽ ജീവിക്കുവാൻ അനുഗ്രഹം പ്രദാനം ചെയ്യട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട്,

*സ്നേഹപൂർവ്വം*

+ [signature]

**ബിഷപ്പ് വർഗ്ഗീസ് ചക്കാലക്കൽ**
കോഴിക്കോട് രൂപത മെത്രാൻ

കോഴിക്കോട്
02-02-2021

---

ഈ ഇടയലേഖനം ഫെബ്രുവരി മാസം 14-ന് നമ്മുടെ
എല്ലാ ദേവാലയങ്ങളിലും കപ്പേളകളിലും വായിക്കേണ്ടതാണ്.